കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ.(പി.1)330/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 02.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം – വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1 , ഭാഗം 3 ലെ 3-1,3-4,3-6,3-9,3-22,3-26 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ.(പി.1)330/2019 തിയ്യതി: 02.03.2019

# തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 25.10.17 മുതൽ 16.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 31.3.18 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ .കെ ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-02-2019 മുതൽ 21-2-2019വരെ<br>(18-02-2019 ,19-02-2019<br>ഓഫീസ് ഡ്യൂട്ടി) |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.ലത എം.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| ശ്രീമതി.വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സോന.കെ.സത്യൻ | ഓഡിറ്റർ |
| ശ്രീമതി. രേഖ ഇ. സി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | പ്രസന്ന അനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | സുധാകരൻ. സി. | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റൻറ് എഞ്ചിനീയർ | സിമി സെബാസ്റ്റ്യൻ, | 01.04.2017മുതൽ 07.01.2018 വരെ |
| | സിജോ.പി.എസ്, | 08.01.2018മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | റിങ്കു.പി. | 01.04.2017മുതൽ 10.10.2017 വരെ |
| | സഞ്ജു.സി.ആർ | 11.10.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | കെ.സി.പ്രേമലത | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർഇൻചാർജ്ജ് പി.എച്ച്.സി, വെള്ളാങ്ങല്ലൂർ | ഡോ.അജിത്ത് തോമസ് | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ, ആയുർവ്വേദം, വള്ളിവട്ടം | സുബിദ.കെ.ജി | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, വെള്ളാങ്ങല്ലൂർ | ഡോ.രജിത.കെ.ആർ | 01.04.2017മുതൽ 31.10.2017 വരെ |
| | ഡോ.ജ്യോതി.കെ | 01.11.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറിസർജൻ | ഡോ.വി.ബി.അജിതൻ | 01.04.2017മുതൽ 31.03.2018വരെ |
| ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്.വള്ളിവട്ടം | ഷീല.പി.സി | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ, വള്ളിവട്ടം | അനൂപ്.സി.എം | 1.04.2017 മുതൽ 18.04.2017വരെ |
| | സിനി.ടി.എം | 19.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ, വടക്കുംകര | സഹല.സി.എ. | 01.04.2017മുതൽ 09.11.2017 വരെ |
| | രഞ്ചിത്ത്.എം.ആർ | 10.11.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ, തെക്കുംകര | ശ്രീദേവി..കെ.എ, | 01.04.2017മുതൽ 05.11.2017 വരെ |
| | അമൽ രാജ്.ടി.സി | 06.11.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ, | ലളിത.കെ.കെ | 01.04.2017മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | നിഷ.സി. | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | കളക്ഷൻ ചാർജ് ഈടാക്കാവുന്നതാണ് | 2-1 |
| 14 | ഡി.ആന്റ്.ഒ ലൈസൻസ് നൽകൽ - പൊതു അപാകതകൾ | 2-2 |
| 15 | ലേലം - ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണ് | 2-3 |
| 16 | തൊഴിൽ നികുതി - അപാകതകൾ | 2-4 |
| 17 | അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കേണ്ടതാണ്. | 2-5 |
| | ഭാഗം 3 | |
| 18 | പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ | 3-1 |
| 19 | സാങ്കേതികാനുമതി ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി,പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല | 3-2 |
| 20 | മരാമത്തുപ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം | 3-3 |

| | | |
|---|---|---|
| | വ്യക്തമാക്കിയിട്ടില്ല | |
| 21 | പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി ചെലവഴിച്ച | 3-4 |
| 22 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-5 |
| 23 | പട്ടികജാതി വിവാഹധനസഹായം- അധികതുക അനുവദിച്ച | 3-6 |
| 24 | പട്ടികജാതിക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനായി വിസക്കും ടിക്കറ്റിനും ധനസഹായം- അപാകതകൾ | 3-7 |
| 25 | കരാട്ടെ പരിശീലനത്തിന് അധികം തുക അനുവദിച്ചു. | 3-8 |
| 26 | ജില്ലാപഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗ വിവരമില്ല. | 3-9 |
| 27 | ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗവിവരമില്ല. | 3-10 |
| 28 | കൈപ്പറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-11 |
| 29 | സർക്കാരിലേക്ക് 9,00,000/-രൂപ തിരിച്ചടച്ചു,വിശദാംശങ്ങൾ ലഭ്യമല്ല | 3-12 |
| 30 | ആശ്രയ പദ്ധതി-അക്കൗണ്ടിൽ 3.95 ലക്ഷം നീക്കിയിരിപ്പ് | 3-13 |
| 31 | ഭവനനിർമ്മാണ പദ്ധതികളിലെ അപാകതകൾ | 3-14 |
| 32 | വെറ്ററിനറി സർജൻ നടപ്പാക്കിയ ആട്/കിടാരികളെ വാങ്ങൽ പദ്ധതി നിർവ്വഹണം - അപാകതകൾ | 3-15 |
| 33 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-16 |
| 34 | മരുന്ന് വാങ്ങൽ - നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഉറപ്പാക്കിയില്ല | 3-17 |
| 35 | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-18 |
| 36 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-19 |
| 37 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - വിതരണ വിവരം ഇല്ല | 3-20 |

| | | |
|---|---|---|
| 38 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല | 3-21 |
| 39 | സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു | 3-22 |
| 40 | എച്ച്.എം നടപ്പാക്കിയ ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിലെ അപാകങ്ങൾ | 3-23 |
| 41 | വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതി - ആവർത്തനമെല്ലെന്ന് ഉറപ്പാക്കിയില്ല | 3-24 |
| 42 | സർക്കാർ മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് - തുക തടസ്സപ്പെടുത്തുന്നു. | 3-25 |
| 43 | സാക്ഷരത പ്രവർത്തനങ്ങൾ-രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല | 3-26 |
| 44 | ഗ്രാമപഞ്ചായത്തിന് പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങൽ.- അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു മുമ്പേ മെഷീനറി വാങ്ങി | 3-27 |
| 45 | ജലനിധി പദ്ധതി | 3-28 |
| | ഭാഗം – 4 | |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 53 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 56 | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 57 | അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 25/03/2017 | |
| കമ്മിറ്റിതീരുമാനം | 1 | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ്-183915702 | ചെലവ്-173475450 |

റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 21/03/2018 | |
| കമ്മിറ്റിതീരുമാനം | 20 | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ്-163051511 | ചെലവ്-153893342 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 31-05-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25/06/2018, 26/06/2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3)1150/18(76) തി.13.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22731855 |
| വരവ് | 96368000 |
| ആകെ | 119099855 |
| ചെലവ് | 95377427 |
| നീക്കിയിരിപ്പ് | 23722428 |

## 1-5 ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 18684000 | 18684000 | 14257886 | 4426114 |
| വികസനഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 8713675 | 8713675 | 6722098 | 1991577 |
| വികസനഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 10996 | 10996 | 10996 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | | 0 | 3528000 | 3528000 | 3331413 | 196587 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | | 0 | 4158000 | 4158000 | 1978516 | 2179484 |
| സെൻട്രൽഫിനാൻസ്കമ്മീഷൻഗ്രാന്റ് (ACR പ്രകാരം) | | 0 | 8774500 | 8774500 | 8094359 | 680141 |
| കെ.എൽ.എസ്.ജി.ഡി.പി(ACR പ്രകാരം) | | 0 | 1164557 | 1164557 | 1164557 | 0 |
| സെൻട്രൽ | | 0 | 1667819 | 1667819 | 1466543 | 201276 |
| സാക്ഷരത | | 32065 | 11520 | 43585 | 0 | 43585 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെകൂലി | | 11860744 | 11860744 | 11860744 | |
| | അഡ്മിനിസ്ട്രേറ്റീവ്ചെലവ് | 26269 | 1097809 | 1124078 | 1118890 | 5188 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ(ഇനംതിരിച്ച്) | | | | | | |
| TSC | | 105000 | 169711 | 274711223398 | | 51313 |
| ICDS | | 17725780 | 972694 | 2745272 | 1700000 | 1045272 |
| Arogya Insurance | | 0 | 38830 | 38830 | 0 | 38830 |
| BMC | | 0 | 420000 | 420000 | 0 | 420000 |
| NMBS | | 2779 | 104 | 2883 | 0 | 2883 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ(ഇനംതിരിച്ച്) | | | | | | |
| Jalanidhi | | 377710 | 20824277 | 21201987 | 20462590 | 739397 |
| പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഫണ്ടുകള് | | 1000000 | 0 | 1000000 | 336000 | 664000 |
| Vimukthi | | 25000 | 12500 | 37500 | 0 | 37500 |
| ജോയിന്റെവഞ്ചർഅക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 717500 | 2447000 | 3164500 | 2460622 | 703878 |
| | ജില്ലാപഞ്ചായത്ത് | 564770 | 1723000 | 2287770 | 2137770 | 150000 |
| ബിഫണ്ട് | | | | | | |
| തൊഴിൽരഹിതവേതനം | | 0 | 29400 | 29400 | 29400 | |
| വാർദ്ധക്യകാലപെൻഷൻ | | 0 | 27327200 | 27327200 | 27327200 | |
| കർഷകതൊഴിലാളിപെൻഷൻ | | 0 | 7450700 | 7450700 | 7450700 | |
| അവിവാഹിതപെൻഷൻ | | 0 | 702700 | 702700 | 702700 | |
| വിധവപെൻഷൻ | | 0 | 17811300 | 17811300 | 17811300 | |
| വികലാംഗപെൻഷൻ | | 0 | 5578500 | 5578500 | 5578500 | |
| മാര്യേജ്അസിസ്റ്റൻസ് | | 0 | 210000 | 210000 | 210000 | |
| പാഡിപ്രൊഡക്ഷൻബോണസ് | | 0 | 105000 | 105000 | 105000 | |
| ജനറൽപർപ്പസ്ഗ്രാന്റ് | | 12225605 | 12894000 | 25119605 | 12367341 | |
| തനത്ഫണ്ട് | ബാങ്ക്അക്കൗണ്ട്(ടി.ഡി.സി.ബി) | 6889989 | 7299726 | 14189715 | 3649863 | 10539852 |
| | ട്രഷറിSTSB | 13998183 | 13866694 | 27864877 | 16812613 | 11052264 |
| | J V STSB | 1282270 | 4020000 | 5302270 | 4598392 | 703878 |

# 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 153 | 91125649 | 115 | 53982111 | 9 | 29 | 59.24 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകളുടെ പേര്

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | സ്പിൽഓവർ/ പുതിയത് | അടങ്കൽ |
|---|---|---|---|---|
| 1 | 31/18 | കൃഷി ഭവന് വൈദ്യുതീകരണ | സ്പിൽ ഓവർ | 100000 |
| 2 | 33/18 | അങ്കവാടികളുടെ നിർമ്മാണത്തിന് ആവശ്യമായനിർമ്മാണ സധനങ്ങളുടെ സംഭരണം | സ്പിൽ ഓവർ | 2078000 |
| 3 | 126/18 | പഞ്ചായത്ത് ഓഫീസ് കെട്ടിടവും ചുറ്റമതിലും പെയിൻറിംഗ് ബോർഡുകൾ സ്ഥാപിക്കൽ | സ്പിൽ ഓവർ | 75000 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 26269 | 1097809 | 1124078 | 1118890 | 5188 |
| ഗുണഭോക്താകൾക്ക് നേരിട്ട്നൽകുന്നത് | 0 | 10657216 | 10657216 | 10657216 | 0 |
| മെറ്റീരിയൽസ് | 0 | 1203528 | 1203528 | 1203528 | 0 |
| | | | | 12979634 | |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.19 തിയ്യതിയിൽ 2.45 pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14156/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെപേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 29400 | 51 |
| കർഷകതൊഴിലാളിപെൻഷൻ | 7450700 | 643 |
| വിധവാപെൻഷൻ | 17811300 | 1546 |
| വാർദ്ധക്യകാലപെൻഷൻ | 27327200 | 2204 |
| വികലാംഗപെൻഷൻ | 5578500 | 453 |
| 50 വയസ്സിന്മേൽപ്രായമുള്ള അവിവാഹിതരായസ്ത്രീകൾക്കുള്ള | 702700 | 63 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

# 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.എങ്കിലും താഴെപറയുന്ന പോരായ്മകൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.

*ഡി ആന്റ് ഒ ലൈസൻസ് -2017-18 വർഷം ഗ്രാമപഞ്ചായത്ത് ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

*സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും,മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
*തപാലുകൾ സ്വീകരിക്കുന്നതിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നതിലും സൂചിക വഴിയുള്ള നിയന്ത്രണങ്ങൾ മാത്രമാണുള്ളത്.മേലധികാരിയുടെ ശ്രദ്ധകൂടി ഇക്കാര്യത്തിൽ ഉണ്ടാകുന്നത് നല്ലതായിരിക്കും
*വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

*ആസ്തിരജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്

*ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ്നടത്തിയ തിയതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ട് ലഭിച്ചതിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 14.01.2019 | ഡിസംബർ 2018 | (31.12.2018)ല് 2018 ഒക്ടോബർ പി.എ.യു ഓഡിറ്റ് റിപ്പോർട്ട് |
| അക്കൗണ്ടന്റ് ജനറൽ | 11.09.2002 മുതൽ 30.09.2002 വരെ | 01.04.1997 മുതൽ 31.03.2002 വരെ | Spl.Cell HQ1/IA /BA-358/542 തീയതി 19.02.2003 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ"

സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്.

സാംഖ്യ പ്രകാരമുള്ള വസ്തുനികുതി-കറന്റ് കളക്ഷൻ തുകകൾ, വസ്തുനികുതി- അരിയർ ഡിമാന്റ് കളക്ഷൻ തുകകൾ, സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. സാംഖ്യ സഞ്ചയ പ്രകാരമുള്ള ബാലൻസ് തുകകൾ പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ ആധികാരികത ഉറപ്പാക്കാനായില്ല.

റസിഡൻഷ്യൽ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | വസ്തുനികുതി - 2549200 | വസ്തു നികുതി- 2250882 | | 123753 |
| സഞ്ചയ ഡി.സി.ബി പ്രകാരം | വസ്തുനികുതി- 2549200<br>ലൈബ്രറി സെസ്<br>131362<br>ആകെ 2680562 | വസ്തുനികുതി- 2049412<br>ലൈബ്രറി സെസ്<br>104519<br>ആകെ 2153931 | വസ്തുനികുതി- 406715<br>ലൈബ്രറി സെസ്<br>21601<br>ആകെ 428316 | വസ്തുനികുതി- 117655<br>ലൈബ്രറി സെസ്<br>6098<br>ആകെ 123753 |

നോൺ റസിഡൻഷ്യൽ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | വസ്തുനികുതി - 2252509 | വസ്തു നികുതി- 1685147 | | 85002 |
| സഞ്ചയ ഡി.സി.ബി പ്രകാരം | വസ്തുനികുതി- 2252509<br>ലൈബ്രറി സെസ്<br>113802<br>ആകെ 2366311 | വസ്തുനികുതി- 1897698<br>ലൈബ്രറി സെസ്<br>95509<br>ആകെ 1993207 | വസ്തുനികുതി- 287098<br>ലൈബ്രറി സെസ്<br>14705<br>ആകെ 301803 | വസ്തുനികുതി- 80898<br>ലൈബ്രറി സെസ്<br>4104<br>ആകെ 85002 |

റസിഡൻഷ്യൽ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | വസ്തുനികുതി - 3508665 | വസ്തു നികുതി- 1572492 | | 215665 |

| | | | | |
|---|---|---|---|---|
| സഞ്ചയ ഡി.സി.ബി പ്രകാരം | വസ്തുനികുതി- 1558884<br>ലൈബ്രറി സെസ്<br>82235<br>ആകെ 1641119 | വസ്തുനികുതി- 1388697<br>ലൈബ്രറി സെസ്<br>70699<br>ആകെ 1459396 | - | വസ്തുനികുതി- 204922<br>ലൈബ്രറി സെസ്<br>10743<br>ആകെ 215665 |

നോൺ റസിഡൻഷ്യൽ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | വസ്തുനികുതി - 1267587 | - | - | വസ്തുനികുതി- 217664 |
| സഞ്ചയ ഡി.സി.ബി പ്രകാരം | വസ്തുനികുതി- 1636025<br>ലൈബ്രറി സെസ്<br>82909<br>ആകെ 1718934 | വസ്തുനികുതി- 1437353<br>ലൈബ്രറി സെസ്<br>72271<br>ആകെ 1509624 | - | വസ്തുനികുതി- 207162<br>ലൈബ്രറി സെസ്<br>10502<br>ആകെ 217664 |

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 642084രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 30575 ആണ്.എന്നാൽ ഈ ശീർഷകത്തിൽ 31447 രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ 764651 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല.

5.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,Other fees ഇനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

8.ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരംNet Increase in cash and cash equivalents ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 5179418 രൂപയാണ്. എന്നാൽ Net cash generated by operating &investment & Financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22478710 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9. ബാലൻസ് B4 പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന താഴെ പറയുന്ന ഗ്രാന്റുകൾക്ക് പ്രത്യേകം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഇല്ല .ഇത്തരം ഗ്രാന്റ് തുകകൾക്ക് പ്രത്യേകം രജിസ്റ്റർ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ )സൂക്ഷിക്കുന്നില്ല.

| ക്രമ നം. | ഗ്രാന്റ് | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | Centrally sponsored Scheme -Total Sanitation Campaign | 51313 |
| 2 | Centrally sponsored scheme -Integrated Child Development Scheme | 1045272 |
| 3 | Grants ,Funds & Contributions for specific purposes -other than Development fund & state sponsore | 664000 |
| 4 | Grants , Funds & Contributions for specific purpose - other Govt. Agencies | 496330 |
| 5 | Contribution for Joint venture projects from District Panchayat | 150000 |
| 6 | Beneficiary Contributions | 4508 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കളക്ഷൻ ചാർജ് ഈടാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2017-18 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം ഈടാക്കാവുന്ന കളക്ഷൻ ചാർജ് പഞ്ചായത്തിന് തനത് വരുമാനമാക്കാവുന്നതാണ്.

## 2-2 ഡി.ആന്റ്.ഒ ലൈസൻസ് നൽകൽ - പൊതു അപാകതകൾ

1. സർക്കാർ നിർദ്ദേശം പാലിച്ചില്ല

എ) ഗ്രാമപഞ്ചായത്തിന്റെ 21 വാർഡുകളിലായി പ്രവർത്തിക്കുന്ന 786 സ്ഥാപനങ്ങൾക്ക് ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) 80/17/തസ്വഭവ 31.10.17 പ്രകാരം ലൈസൻസ് ഫീ

പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. ടി കാലയളവിനുശേഷം ലൈസൻസിനായി ലഭിച്ച അപേക്ഷകൾ ടി ഉത്തരവ് പ്രകാരം പരിശോധിച്ച് ഫീ നിർണ്ണയിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2. ഡി & ഒ ലൈസൻസ് പുതുക്കുന്നതിനു സമയക്രമം പാലിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഡി.ആന്റ്.ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം 657 സ്ഥാപനങ്ങൾക്ക് 2016-17 ൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം സമയപരിധിക്കുള്ളിൽ ഡി & ഒ ലൈസൻസ് പുതിക്കുന്നതിനുള്ള അപേക്ഷ സമർപ്പിപ്പിച്ചിരിക്കുന്നത് 134 സ്ഥാപനങ്ങൾ മാത്രമാണ്. താമസിച്ച് സമർപ്പിച്ച അപേക്ഷകളിൻമേൽ അധിക ഫീസ് ചുമത്തിയിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

4.ലൈസൻസ് ഇല്ലാതെ ഫാമുകളുടെ പ്രവർത്തനം

2017-18 ൽ നിരവധി കർഷകർ പാലിന് സബ്സിഡി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 2017-18 ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധിച്ചതിൽ 2 പൗൾടി ഫാമുകൾ മാത്രമേ ഡി.ആന്റ്.ഒ ലൈസൻസ് എടുത്തതായി കാണുന്നുള്ളൂ. ഫാമുകളെ കണ്ടെത്തി ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഉറപ്പുവരുത്തേണ്ടതാണ്.

5. അപേക്ഷകളുടെ പരിശോധന കൃത്യമാക്കണം

മിക്ക അപേക്ഷയോടൊപ്പവും അന്വേഷണ റിപ്പോർട്ട്, സെക്ഷൻ ക്ലർക്ക്/സൂപ്രണ്ട് എന്നിവരുടെ ശുപാർശ, സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തുന്നില്ല. വരുമാനം രേഖപ്പെടുത്താതെ ലൈസൻസ് ഫീ നിശ്ചയിച്ചതായും കാണുന്നു.

6. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2017-18 വർഷം ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ലേലം - ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണ്

കാരുമാത്ര മത്സ്യകാപ്പ് ലേലം ഇനത്തിൽ 2016-17 വർഷം 90000/- രൂപ വരവുണ്ടായിരുന്നു. 2017-18 സാമ്പത്തികവർഷം പുനർലേലങ്ങൾ നടത്തിയെങ്കിലും ടി മത്സ്യകാപ്പ് ലേലം കൊള്ളുകയുണ്ടായില്ല. 2018-19

സാമ്പത്തികവർഷവും ലേലം നടന്നിട്ടില്ല. ലേലം കൊള്ളാത്തതിന്റെ നിജസ്ഥിതി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 2-4 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.
തൊഴിൽ നികുതി പരിശോധനയിൽ കണ്ട നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

2. 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ ഡെയ്‌ലി വേജസ് സ്റ്റാഫ്, ബിന്ദു രാമദാസ് എന്നിവർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും വേതനം കൈപ്പറ്റുന്ന എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ജി.എൽ.പി.എസ് പൈങ്ങോട് (രണ്ടാം അർദ്ധവർഷം) സമർപ്പിച്ച അപേക്ഷയിൽ അനിൽ കുമാർ പി.ബി എന്നയാളുടെ വേതനവിവരങ്ങൾ രേഖപ്പെടുത്താതെ 600/- രൂപ അടവാക്കി കാണുന്നു. അപൂർണ്ണമായ റിട്ടേണുകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം തുക ഈടാക്കേണ്ടത്.

4. ഇന്ത്യൻ ഓവർസീസ് ബാങ്ക് (രണ്ടാം അർദ്ധവർഷം), വെള്ളാങ്ങല്ലൂർ സമർപ്പിച്ചിരിക്കുന്ന റിട്ടേണിൽ ബിന്ദു പി.വി യുടെ ആകെ അടിസ്ഥാന ശമ്പളം രേഖപ്പെടുത്തിയിരിക്കുന്നത് 10425/- രൂപയാണ്. തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് 450/- രൂപയാണ്. 62550 (10425x6) രൂപയ്ക്ക് ആനുപാതികമായ തൊഴിൽ നികുതി 600 രൂപയാണ്.

അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-5 അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കേണ്ടതാണ്.

തെക്കുംകര വില്ലേജ് 398/3,398/1 സർവ്വെ നമ്പർ വാർഡ് 11 ൽ കൊമേഴ്യൽ & റസിഡൻഷ്യൽ ആവശ്യത്തിന് 827.44 $m^2$ കെട്ടിടം പണിയുന്നതിന് ശ്രീ. അബ്ദുൾ ജബ്ബാർ, കടപ്പുറത്ത് വീട് എന്നയാളുടെ അപേക്ഷ പരിഗണിച്ച് ഗ്രാമപഞ്ചായത്ത് എ4-BA (16901)/2018/തി. 25.01.18 നമ്പർ പെർമിറ്റ് നൽകി.

2011ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 55(4),58(12) എന്നിവ പ്രകാരം 300 $m^2$ ൽ കൂടുതലുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'O' യിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന് കെട്ടിട ഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്റ്റ്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ മേൽ ഫയലിൽ ഫാറം 'O' സമർപ്പിച്ചിട്ടില്ല. ചട്ടപ്രകാരം മാനദണ്ഡങ്ങൾ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ ,യിൽ വിശദമായി നിർദ്ദേശങ്ങളുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ആസൂത്രണം, നിർവ്വഹണം,മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി പ്ലാൻ, ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്ടിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്.

2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണഗ്രാന്റ് വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

3. നിർദ്ദിഷ്ട രീതിയിൽ മോണിട്ടറിംഗ് നടത്തുന്നില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല.

4. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. ആസ്തി രജിസ്റ്ററിന്റെ അച്ചടി പകർപ്പ് കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയറിലും കാലികമാക്കിയിട്ടില്ല.

2. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ ഖണ്ഡിക 18.3 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട ഫാറത്തിലുള്ള കാഷ്ബുക്ക് അല്ല അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുന്നത്.

3. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ 26.6 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അസി.എഞ്ചിനീയർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6(5)പ്രകാരം നിർമ്മാണപ്രവൃത്തികളുടെ പ്രധാന വിവരങ്ങൾ

ഉൾക്കൊള്ളിച്ചിട്ടുള്ള ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 21.02.19ലെ ഓഡിററ് എൻക്വയറി നം.22 നൽകിയ മറുപടിയിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

## 3-2 സാങ്കേതികാനുമതി ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി, പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല

സാങ്കേതികാനുമതി ലഭ്യമാക്കിയ ഒറിജിനൽ എസ്റ്റിമേറ്റിൽ ഏതെങ്കിലും ഇനം ഒഴിവാക്കുകയോ കൂട്ടിചേർക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സംഗതിയിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നാണ് പൊതുമരാമത്ത് മാന്വൽ ,ജി.ഒ.(പി) 13/2012/pwd dtd 1.2.12 സെക്ഷൻ 1601.1.6ൽ പറയുന്നത്. ഒറിജിനൽ എസ്റ്റിമേറ്റിൽ 5%അധികരിച്ചാലും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കണം. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ മരാമത്തുപ്രവൃത്തിയുടെ പൂർത്തീകരണം വരേയോ പൂർത്തീകരണത്തിനടുത്ത് വരേയോ കാത്തിരിക്കേണ്ടതില്ലെന്നും പൊതുമരാമത്തു മാന്വലിൽ പറയുന്നുണ്ട്.

താഴെപറയുന്ന പ്രവൃത്തികളിൽ നിന്നും ഒരിനം പ്രവൃത്തി പാടേ ഒഴിവാക്കിയിട്ടും ആയതിന് കാരണമൊന്നും വിശദീകരിച്ചിട്ടില്ല. ഒഴിവാക്കിയതിന് കമ്മറ്റിതീരുമാനമില്ല, മാത്രവുമല്ല പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമില്ല. ആവശ്യമായ പരിശോധന നടത്താതെ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് ഒരിനം പ്രവൃത്തി ഒഴിവാക്കേണ്ടിവന്നിരിക്കുന്നത് എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 20/21.2.19ന് അസിസ്റ്റൻറ് എഞ്ചിനീയർ നൽകിയ മറുപടിയിൽ നിന്നും മനസ്സിലാവുന്നത്.

പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | കരാർ നമ്പരും തിയ്യതിയും | പ്രവൃത്തിമൂല്യം/ ട്രഷറിബിൽ | ഒഴിവാക്കിയ ഇനം |
|---|---|---|---|---|
| 1 | So116/18, അമ്പലനടറോഡ് റിടാറിങ്ങ്, ഐറിഷ് ഡ്രൈയിൻ അടങ്കൽ- 275000/- MB-21/16-17 | 29/AE/LSGD/dtd 27.2.17 | Rs20491, bill No.8/17-18dtd 30.8.17 | കാന പണി ഒഴിവാക്കി |
| 2 | റേഷൻകട ഷാപ്പ്റോഡ് ,കോൺക്രീറ്റ് കാന അടങ്കൽ- 500000/-MB-27/16-17 | 34/AE/LSGD /dtd14.3.17 | RS.363897/- | കാനപണി ഒഴിവാക്കി |

ഒറിജിനൽ പ്രൊജക്ടിൽ മാറ്റങ്ങൾ വരുത്തേണ്ടി വരുമ്പോൾ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 മരാമത്തുപ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം

## വ്യക്തമാക്കിയിട്ടില്ല

വിവിധ മരാമത്തുപ്രവൃത്തികളുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗത്തെകുറിച്ച് പ്രവൃത്തിയുടെ ഫയലിലോ, അളവുപുസ്തകത്തിലോ ഒന്നും വ്യക്തമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | കുഴിച്ചെടുത്ത മണ്ണിന്റെഅളവ് | ചെയ്ത പ്രവൃത്തി |
|---|---|---|---|
| 1 | താണിയത്തുകുന്ന്റോഡ് മെറ്റലിങ്ങ്&ടാറിങ്ങ്,പ്രോജക്റ്റ് നമ്പർ-117/17-18,അടങ്കൽ 350000/-,പ്രവൃത്തിമൂല്യം-327135/-കരാർ 30/AE/LSGD /dtd27.2.17,ട്രഷറിബിൽ 13/17-18 dtd28.1,18, MB-32/16-17, 22/16-17 | 17.65$m^3$ | കോൺക്രീറ്റ് കാന നിർമ്മാണം |
| 2 | പാലപ്രകുന്ന് ഹരിജൻകോളനി റോഡ് സൈഡ് സംരക്ഷണം,പ്രോജക്റ്റ്-122/17-18,അടങ്കൽ-284875,പ്രവൃത്തില്യം-RS-237564/-,ട്രഷറിബിൽ-5/17-18dtd25.8.17,MB 23/16-17 | 40.29$m^3$ | സൈഡ് സംരക്ഷണം |
| 3 | പുഞ്ചപറമ്പ്കാരാട്ടുകുളംറോഡ്, പ്രൊജക്റ്റ് നമ്പർ-so 123/18,അടങ്കൽ-400000 /-.കരാർ-20/AE/LSGD /dtd17.2.17.പ്രവൃത്തിമൂല്യം-RS-394080/-MB-18 /16-17,ട്രഷറിബിൽ-7/17-18,dtd 25,8.17 | 11.25$m^3$ | കാനപണി |
| 4 | വെള്ളക്കാട് റോഡ് അറ്റകുറ്റപണിപ്രോജക്റ്റ് നമ്പർ-62/18,അടങ്കൽ-RS.595000,കരാർ-13/AE/LSGD/dtd 10.10.17,പ്രവൃത്തിമൂല്യം-RS594829/-,MB5 /17-18,ട്രഷറിബിൽ-33/17-18dtd28.2.18 | 12.038$m^3$ | കോൺക്രീറ്റ്കാന നിർമ്മാണം |

മണ്ണ് എപ്രകാരം വിനിയോഗിച്ചു എന്നതിനെകുറിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 21/21.02.19)

## 3-4 പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ചു

13 ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ,യിലെ ഖണ്ഡിക 13.8(1)(vii) അനുസരിച്ച് റോഡ് സംരക്ഷണം, പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ ഡി.എ. 1/859/2017/തസ്വഭവ ാം നം സർക്കുലറിൽ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുതിയ റോഡിൽ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് തൻവർഷം നിർവ്വഹിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ താഴെകൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെപേര് | ചെലവുതുക, ട്രഷറിബിൽ നമ്പർ |
|---|---|---|---|
| 1 | So 41/17-18 | നീളംകുളം റോഡ് | RS,660000/-,29 /17-18dtd20.2.18 |
| 2 | so65/17-18 | പണ്ടാരപറമ്പിൽ റോഡ് | 505000,34/17-18dtd23.3.18 |
| 3 | so67/17-18 | മഹാത്മ അംഗൻവാടിറോഡ് | 380000,24/17-18dtd 20.2.18 |
| 4 | so68/17-18 | പഴയറേഷൻകട കട്ടാം പാറ റോഡ് | 550000,22/17-18dtd30.1.18 |
| 5 | So70/17-18 | താവളംറോഡ് | 235000,23/17-18dtd20.2.18. |
| 6 | so74/17-18 | തൈവളപ്പ് റോഡ് | 430000,30/17-18dtd20.2.18 |
| 7 | so81/17-18 | കൊല്ലം കുഴി റോഡ് | 178000,26/17-18dtd 20.2.18 |
| 8 | so82/17-18 | അശ്വതിമൂലപടിഞ്ഞാറ് റോഡ് | 660000, 27/17-18dtd20.2.18 |
| 9 | so83/17-18 | അടപ്പത്താഴം കോളനി റോഡ് | 783722,35/17-18dtd 20.2.18 |
| 10 | so84/17-18 | വില്ലേജ് റോഡ് | 290000,19/17-18dtd 30.1.18 |
| 11 | so85/17-18 | കണ്ണോളിച്ചിറ റോഡ് | 730000,32/17-18dtd 20.2.18 |

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/16.2.19)

## 3-5 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക്-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

സ്ട്രീറ്റ് മെയിൻ ഇൻസ്റ്റലേഷൻ-പ്രൊജക്റ്റ് നം 5/18
നിർവ്വഹണം-സെക്രട്ടറി

തെരുവുവിളക്ക് വ്യാപനം എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക KSEB ക്ക് കൈമാറിയിട്ടുണ്ട്.

| | ട്രഷറി ബിൽ | തുക |
|---|---|---|

| | | |
|---|---|---|
| | നം/തിയതി | |
| വികസനഫണ്ട് | 23/9.2.18 | 91,000 |
| | 26/9.2.18 | 11,50,150 |
| തനത് ഫണ്ട് | ചെക്ക് നം9699/25.1.18 | 1,50,719 |
| ജില്ലാപഞ്ചായത്ത് വിഹിതം | ചെക്ക് നം 1922994/3.2.18 | 5,00,000 |
| | ആകെ | 1891869 |

എന്നാൽ കെ.എസ്.ഇ ബി യുടെ കൈപ്പറ്റ് രശീതി, കെ.എസ്.ഇ ബി യുമായുള്ള കരാർ, തുകയുടെ വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ 18,91,869/-രൂപ തടസ്സപ്പെടുത്തുന്നു.

കൂടാതെ, 31.3.2017 തിയതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം, കെ.എസ്.ഇ.ബിയിലേക്ക് നൽകിയിരുന്ന 9,59,228/-രൂപ ക്രമീകരിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്നത് 31.3.2018 തിയതിയിലെ ബാലൻസ് ഷീറ്റിലും നീക്കിയിരിപ്പായി തുടരുന്നുണ്ട്. ഈ തുക ഏതു പദ്ധതിക്കായി കൈമാറി?പദ്ധതി പൂർത്തികരിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 3-6 പട്ടികജാതി വിവാഹധനസഹായം-അധികതുക അനുവദിച്ചു

പ്രൊജക്റ്റ് നം.-20/18

നിർവ്വഹണം-അസി.സെക്രട്ടറി

അടങ്കൽ-എസ്.സി.പി-12,00,000

ചെലവ്-8,25,000/-

ശ്രീ.വിക്രമൻ.പി.കെ എന്ന ഗുണഭോക്താവിന് മകൾ സിൽവി.പി.വി യുടെ വിവാഹത്തിനുള്ള ധനസഹായമായി 75,000/-രൂപ അനുവദിച്ചു(ട്രഷറി ബിൽ നം 1/17-18/27.7.2017/₹ 3,00,000/-).

മാര്യേജ് സർട്ടിഫിക്കറ്റ് പ്രകാരം വിവാഹം നടന്നത് 6.2.2017 നായിരുന്നു.(അപേക്ഷാതിയതി 24.3.2017.)

2017-18വർഷത്തെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) 80/2017/തസ്വഭവ/തിയതി.3.4.2017 പ്രകാരമാണ് വിവാഹധനസഹായം 75,000/-രൂപയാക്കിയത്. 01.04.12 മുതൽ 50,000/-രൂപയായിരുന്നു അർഹമായ തുക. ആയതിനാൽ 2016-17 വർഷത്തിൽ നടന്ന വിവാഹത്തിന് 75000/-രൂപ അനുവദിക്കാവുന്നതല്ല. 50,000/-രൂപയാണ് അനുവദിക്കാവുന്നത്. അധികം നൽകിയ25,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.15/20.02.2019

## 3-7 പട്ടികജാതിക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനായി വിസക്കും ടിക്കറ്റിനും ധനസഹായം-അപാകതകൾ

പ്രോജക്റ്റ് നം. S0019/18

നിർവ്വഹണം-അസി.സെക്രട്ടറി

അടങ്കൽ-എസ്.സി.പി-2,00,000

ചെലവ്-ട്രഷറി ബിൽ നം.06/17-18/26.2.2018/₹1,00,000/-

2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) 80/2017/തസ്വഭവ/തിയതി.3.4.2017 ഖണ്ഡിക 11.8.1 പ്രകാരം പട്ടികജാതിയുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽവിസയും വിമാനടിക്കറ്റും ഹാജരാക്കുന്നമുറക്ക് 50,000/-രൂപ ധനസഹായം നൽകാവുന്നതാണ്.

മേൽപറഞ്ഞ ട്രഷറി ബില്ല് പ്രകാരം പിൻവലിച്ച 1,00,000രൂപയിൽ നിന്നും ബഷിത്ബാബു.പി.ബി, രവീന്ദ്രൻ.പി.പി എന്നീ ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഈ രണ്ടുഗുണഭോക്താക്കൾക്കും വിദേശത്ത് തൊഴിൽ ലഭിച്ചതു തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. ബഷിത്ബാബുവിന് സുൽത്താനേറ്റ് ഓഫ് ഒമാൻ 24.4.2017ന് അനുവദിച്ച തൊഴിൽവിസയുടെ പകർപ്പുണ്ട്.

രവീന്ദ്രൻ.പി.പി യുടെ യു.എ ഇ വിസയിൽ (പകർപ്പിൽ) റസിഡൻസ്, പെയിന്റർ ബിൽഡിംഗ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിസ ഇഷ്യൂ ചെയ്തിട്ടുള്ളത് 22.2.2016 നാണ്, ആയതിനാൽ ഇദ്ദേഹം നേരത്തേതന്നെ വിദേശത്ത് തുടരുന്നയാളാണെന്ന് കരുതാവുന്നതാണ്. കൂടാതെ വിസാ കാലാവധി തീരുന്നത് 21.2.2018 നാണ്. വിസാ കാലാവധി അവസാനിച്ചശേഷമാണ് ധനസഹായംനൽകിയിട്ടുള്ളത്. വിസ പുതുക്കിയതായി കാണുന്നില്ല.മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 15/20.2.2019 ന് ലഭിച്ച മറുപടിയിൽ ഇക്കാര്യത്തിന് വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ ചെലവുതുക 1,00,000രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 കരാട്ടെ പരിശീലനത്തിന് അധികം തുക അനുവദിച്ചു

പ്രൊജക്റ്റ്-കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾ (നിർഭയ), S0102/18


നിർവ്വഹണം-ഐ.സിഡി.എസ് സൂപ്പർവൈസർ

അടങ്കൽ-വികസനഫണ്ട്-1,50,000/-

ചെലവ്-ട്രഷറി ബിൽ നം-11/17-18/17.3.2018 /₹ 1,50,000/-

33 അങ്കണവാടികളിലെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സ്വയംരക്ഷക്കായി കരാട്ടെ പരിശീലിപ്പിച്ച് ബെൽറ്റ്, സർട്ടിഫിക്കറ്റ്, റിഫ്രഷ്മെന്റ് നൽകുന്നതിനായി ടെണ്ടർ വിളിച്ച് റെജി.എം.എ, മുക്കോല എന്ന വ്യക്തിക്ക് തുക അനുവദിച്ചു.

അപാകതകൾ-(i)ശ്രീ.റെജി എം.എ യുടെ ടെണ്ടറിൽ റിഫ്രഷ്മെന്റ് ഉൾപ്പെടെ 1,18,000/- രൂപമാത്രമാണ് അവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ 1,50,000 രൂപ അനുവദിച്ചു. 32,000/-രൂപ അധികം നൽകി.
<u>ടെണ്ടറിന്റെ പകർപ്പ്</u>


Tender

ICDS SUPERVISOR
Vellangallur Grama Panchayat, Konathukunnu.P.O.,
Thrissur - 680123

I/We hereby tender to supply, under the annexed general conditions of contract the whole of the referred to and described in the attached specification and schedule, or any portion thereof, as decided by Panchayat, at the rates quoted against each item. The articles will be delivered time and at the place specified in the schedule.

I/We, are remitting/have separately remitted the required amount of Rs. 1,18000/-Rs (with Refreshment)

Yours faithfully,
(Signature)....Regi....
(Address)....Regi.
....Mookkola....
....Thrissur Dt Kerala
9447699291

(ii)കരാറുകാരനിൽ നിന്നും ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരമുള്ള ആദായനികുതി ഈടാക്കിയിട്ടില്ല.

(iii)പ്രൊജക്റ്റ് പ്രൊഫോർമ ഖണ്ഡിക 42, ടെണ്ടർ നോട്ടീസ് എന്നിവ പ്രകാരം കരാട്ടെ പരിശീലകന്

സ്പോർട്സ് കൗൺസിൽ സർട്ടിഫിക്കറ്റ് വേണമെന്ന് പറഞ്ഞിട്ടുണ്ട്. ടിയാന് കരാട്ടെ അസോസിയേഷൻ ഓഫ് ഇൻഡ്യയുടെ സർട്ടിഫിക്കറ്റ് ഉണ്ട്. സ്പോർട്സ് കൗൺസിൽ അംഗീകാരമില്ല. (ഓഡിറ്റ് എൻക്വയറി നം.17/20.02.19).
അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ജില്ലാപഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗ വിവരമില്ല.

പ്രൊജക്റ്റ് – ഭിന്നശേഷി റിസോഴ്സ് സെന്റർ,SO132/18

നിർവ്വഹണം – ഐ.സിഡി.എസ് സൂപ്പർവൈസർ

അടങ്കൽ – വികസനഫണ്ട്-50,000/-

ചെലവ്-ട്രഷറി ബിൽ നം-3/17-18/2.10.2017 /₹ 50,000/-

ഭിന്നശേഷി റിസോഴ്സ് സെന്റർ എന്ന പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് 50,000/-രൂപ കൈമാറി. ആയതിന് കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗവിവരം എന്നിവ ഇല്ല. ആയവ ലഭ്യമാക്കുന്നതുവരെ 50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗവിവരമില്ല.

നിർവ്വഹണം-വി.ഇ.ഒ, തെക്കുംകര

താഴെ പറയുന്ന പദ്ധതികൾക്കായി വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ട്

| പ്രൊജക്റ്റ് | ട്രഷറി ബില്ല് നം/തിയതി | തുക |
|---|---|---|
| 42/18 പി.എം.എ.വൈ അധികവിഹിതം (ജനറൽ) | 5/22.1.2018 | 80,000 |
| 44/18,ഐ.എ.വൈ സ്പിൽ ഓവർ വീടുകൾക്ക് അധികവിഹിതം (ജനറൽ) | 4/22.1.2018 | 37,500 |
| ആകെ | | 1,17,500 |

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗവിവരമില്ല. ആയതിനാൽ 1,17,500 രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 കൈപ്പറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | തുക,ട്രഷറി ബിൽനമ്പർ | ആർക്കുകൊടുത്തു |
|---|---|---|---|
| 1 | S0028/18 IMA ബ്ലഡ് ബാങ്കിനു വിഹിതം കൈമാറൽ | 100000 | സെക്രട്ടറി, ജില്ലാപഞ്ചായത്ത്,തൃശ്ശൂർ |
| 2 | S003/18 ഐ.കെ.എം ന് വിഹിതം നൽകൽ | 94463 | പ്രോജക്റ്റ് ഡയറക്ടർ, IKM,തിരുവനന്തപുരം |
| | ആകെ | 194463/- | |

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 194463/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-12 സർക്കാരിലേക്ക് 9,00,000/-രൂപ തിരിച്ചടച്ചു,വിശദാംശങ്ങൾ ലഭ്യമല്ല

വൗച്ചർ നം.87/20.10.17 (ചെക്ക് നം.STSB 2068604/20.10.2017) പ്രകാരം 9,00,000രൂപ തനതുഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. 2011-12, 2013-14 വാർഷിക പദ്ധതികളുടെ ഭാഗമായി താഴത്തെപ്പാടം കുടിവെള്ള പദ്ധതി പ്രൊജക്റ്റിനായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക പദ്ധതി നടപ്പാകാത്തതിനെ തുടർന്ന് സർക്കാരിലേക്ക് തിരിച്ചടച്ചതാണെന്ന് വൗച്ചർ, ബിൽ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തി കാണുന്നു. വാട്ടർ അതോറിറ്റി പഞ്ചായത്തിന് തുക തിരികെ നൽകിയത് എന്നാണ് എന്നു വ്യക്തമല്ല. എന്തുകൊണ്ടാണ് പദ്ധതി നടപ്പാകാതിരുന്നത്, വാട്ടർ അതോറിറ്റിയെ പദ്ധതി ഏല്പിക്കുമ്പോൾ പഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നോ, എന്നീ വിശദാംശങ്ങളും ലഭ്യമല്ല. ഈ വിവരങ്ങൾക്കായി ഓഡിറ്റ് എൻക്വയറി 27 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി നടപ്പാക്കാതെ തുക തിരികെ സർക്കാരിലേക്ക് അടവാക്കിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി-അക്കൗണ്ടിൽ 3.95 ലക്ഷം നീക്കിയിരിപ്പ്

കുടുംബശ്രീ മെമ്പർ-സെക്രട്ടറി, ചെയർപേഴ്സൺ എന്നിവർ തയ്യാറാക്കിയ ആശ്രയ ഫണ്ട് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 22.1.2019 ൽ ആശ്രയ അക്കൗണ്ടിൽ 3,95,922/-രൂപ നീക്കിയിരിപ്പുണ്ട്. ആയതിൽ പഞ്ചായത്തിൽ നിന്നും കൈമാറിയ പ്ലാൻ ഫണ്ട് തുക എത്രയാണ് എന്നതിന് കൃത്യമായ കണക്കില്ല. 2017-18 ൽ അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നേരിട്ട് ആശ്രയ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾക്ക് ധനസഹായംനൽകിയിട്ടുണ്ട്. സിഡിഎസ് മുഖേനയല്ല ധനസഹായം നൽകിയത്. നീക്കിയിരിപ്പുള്ള 3,95,922/-രൂപയിൽ പദ്ധതിവിഹിതം എത്ര രൂപയെന്ന കൃത്യമായ കണക്ക് തയ്യാറാക്കി, ഏതെല്ലാം ഗുണഭോക്താക്കൾക്ക് ഏതെല്ലാം ആവശ്യങ്ങൾക്ക് തുക അനുവദിക്കാൻ ബാക്കിയുണ്ടെന്ന് പരിശോധിച്ച് അർഹമായ രീതിയിൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി വിഹിതം ആവശ്യമില്ലാത്ത പക്ഷം ആയത് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

# 3-14 ഭവനനിർമ്മാണ പദ്ധതികളിലെ അപാകതകൾ

(i) വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ, S0040/18

നിർവ്വഹണം – വി.ഇ.ഒ, തെക്കുംകര

| അടങ്കൽ | ചെലവ് | |
|---|---|---|
| | ട്രഷറി ബില്ല് നം/തിയതി | തുക |
| വികസനഫണ്ട് 10,50,000 | 4/16.2.2018 | 150000 |
| | 5/16.2.2018 | 150000 |
| | 6/27.2.2018 | 300000 |
| | 7/15.3.2018 | 225000 |
| | 8/28.3.2018 | 225000 |
| | ചെക്ക് നം. 2068684/27.3.2018 തനത് ഫണ്ട് | 50000 |
| | | 11,00,000 |

22 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം അനുവദിച്ചു. ആയതിൽ പലരുടെയും വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില അപേക്ഷകളിൽ നിർവ്വഹണോദ്യോഗസ്ഥൻ ശുപാർശ രേഖപ്പെടുത്തിയിട്ടില്ല. പണി പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | അഭിപ്രായം |
|---|---|
| രാധ മാനാത്ത് | കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രമില്ല |
| അനന്തൻ.ടി.എസ് | ,, |
| കോമള, ആക്ലപറമ്പിൽ | ,, |
| രുഗ്മിണി സുകുമാരൻ | ,, |
| രത്നവല്ലി പ്രഭാകരൻ | ,, |
| പുഷ്പ തൊണ്ണങ്കായി പറമ്പിൽ | കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം, അപേക്ഷയിൽ വിഇഒ യുടെ ശുപാർശ, പണിപൂർത്തീകരിച് ചതായുള്ള സാക്ഷ്യപത്രം എന്നിവ ഇല്ല |
| സുമതി വത്യാട്ട് | ,, ,, |
| ഐഷാബി കരിപ്പാക്കുളം | കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം, അപേക്ഷയിൽ വിഇഒയുടെ ശുപാർശഎന്നിവ ഇല്ല |
| രജനി ചന്ദ്രശേഖരൻ ഐക്കരത്തറ | കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം, |

| | |
|---|---|
| | അപേക്ഷയിൽ വിഇഒയുടെ ശുപാർശ, എന്നിവ ഇല്ല |

(ii)വിട് വാസയോഗ്യമാക്കൽ,എസ്.സി) SOO37/18

നിർവ്വഹണം-വി.ഇ.ഒ,വടക്കുംകര

| അടങ്കൽ | ചെലവ് | |
|---|---|---|
| | ട്രഷറി ബില്ല് നം/തിയതി | തുക |
| വികസനഫണ്ട് 34,50,000 | 3/22.1.2018 | 1615000 |
| | 4/27.2.2018 | 1080000 |
| | 5/16.3.2018 | 475000 |
| | 6/20.3.2018 | 120000 |
| | | 32,90,000 |

മേൽപറഞ്ഞ പദ്ധതി പ്രകാരം 42 ഗുണഭോക്താക്കൾക്ക് യഥാക്രമം 35,000/-, 40,000/- രൂപവീതം 1-ഉം, 2-ഉം ഗഡുക്കളും 4 ഗുണഭോക്താക്കൾക്ക് 35,000/-രൂപ വീതം 1-ാം ഗഡു മാത്രമായും അനുവദിച്ചു. ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനു മുൻപായി മോണിട്ടറിംഗ് സമിതി ശുപാർശ ചെയ്തതായോ നിർവ്വഹണോദ്യോഗസ്ഥൻ പണി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തുകയോ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-15 വെറ്ററിനറി സർജൻ നടപ്പാക്കിയ ആട്/കിടാരികളെ വാങ്ങൽ പദ്ധതി നിർവ്വഹണം - അപാകതകൾ

1.പദ്ധതി വിവരം

പദ്ധതി നമ്പർ :144/17-18

പട്ടികവർഗ്ഗ കുടുംബത്തിന് ഗർഭിണി കിടാരിയെ നൽകൽ

ബിൽ നമ്പർ : 9/17-18/28.03.18 – 10996 (ടി.എസ്.പി)

ചെക്ക് നമ്പർ :206893/28.03.18, 2068692/28.03.18 – തുക 5000/- ഗുണഭോക്തൃവിഹിതം തുക 4000/-) തനത് ഫണ്ട്

2)പദ്ധതി വിവരം

പദ്ധതി നമ്പർ :141/17-18

ആട് ഗ്രാമം പദ്ധതി (എസ്.സി)

ചെലവ് തുക :210000/-(എസ്.സി.പി)

ഗുണഭോക്തൃ വിഹിതം : 70000/-

ബിൽ നമ്പർ : 6/17-18/26.02.18 – 180000/-, 7/17-18/28.2.18 – 30000/-

ചെക്ക് നമ്പർ : 2068668/26.02.18 – 60000/-, 2068691/28.03.18 – 10000/-

3)പദ്ധതി വിവരം

പദ്ധതി നമ്പർ :145/17-18

ആട് ഗ്രാമം പദ്ധതി (ജനറൽ)

ചെലവ് തുക :420000/-(വികസനഫണ്ട്)

ഗുണഭോക്തൃ വിഹിതം : 420000/-

ബിൽ നമ്പർ : 1/17-18/9.02.18, 4/17-18/20.2.18, 8/17-18/28.3.18

ചെക്ക് നമ്പർ :2068638/17.01.18, 2068658/15.02.18, 2068690/28.3.18

എ) വെറ്ററിനറി സർജൻ നിർവഹണം നടത്തിയിട്ടുള്ള മേൽ പദ്ധതികളിലെല്ലാം ആട്/കിടാരി യെ വിറ്റ ആളുടെ അക്കൗണ്ടിലേക്ക് തുക നൽകിയിരിക്കുന്നു. ആട്/കിടാരി യെ വാങ്ങിയ ആളും വിറ്റയാളും തമ്മിൽ ഒപ്പിട്ട രേഖകൾ ഫയലിലുണ്ട്. എന്നാൽ വെറ്ററിനറി സർജൻ ആട്/കിടാരി എന്നിവയുടെ ഗുണനിലവാരം, പ്രായം, തൂക്കം എന്നിവ ഉറപ്പാക്കിയതായോ, ആട്/കിടാരി യെ വാങ്ങിയ ആളും വിറ്റയാളും ഒപ്പിട്ട രേഖകളിൽ സാക്ഷ്യപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തിട്ടില്ല. കന്നുകാലികളെ വാങ്ങിയിരിക്കുന്ന മേൽ പദ്ധതികളിലെല്ലാം തന്നെ ഇവയെ പരിശോധിച്ച് ഗുണമേന്മ ഉറപ്പാക്കാതെ തുക നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. പതിമൂന്നാം സബ്സിഡി മാർഗരേഖ ജി.ഒ(എം.എസ്) 80/2017/തസ്വഭവ, തി. 3.04.17 ഖണ്ഡിക 8.2 പ്രകാരം മൃഗങ്ങളുടെ ഗുണനിലവാരം നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്ന് നിർദ്ദേശമുണ്ട്. ആയത് ഉറപ്പാക്കാതെ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/16.2.19) മറുപടി ലഭ്യമാക്കിയില്ല.

ബി) ആട് ഗ്രാമം പദ്ധതി (എസ്.സി), പദ്ധതി നമ്പർ :141/17-18 ൽ 14 ഗുണഭോക്താക്കൾക്ക് 15000/- രൂപ വീതം ആകെ 210000 രൂപ പ്ലാൻ ഫണ്ട് വിഹിതം ചെലവഴിച്ചിരിക്കുന്നു. പതിമൂന്നാം സബ്സിഡി മാർഗരേഖ ജി.ഒ(എം.എസ്) 80/2017/തസ്വഭവ, തി. 3.04.17 പ്രകാരം ഇതിനായി ഒരു യൂണിറ്റിന് പരമാവധി അനുവദിക്കാവുന്ന തുക 12000/- രൂപ മാത്രമാണ്. അധികമായി ചെലവഴിച്ച 42000/- ((14x15000)-(14x12000)=42000) രൂപയ്ക്ക് വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല. 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു എസ്.സി ഗുണഭോക്താവിന് പരമാവധി അനുവദിക്കാവുന്ന തുക 15000/- രൂപയാണ്. ഈ നിരക്ക് 2017-18 ലേക്ക് ബാധകമാക്കി സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അതുവരെ, അധികം അനുവദിച്ച 42000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവില്ലാത്തപക്ഷം അധികം നൽകിയ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) (i) ആട് ഗ്രാമം (ജനറൽ ) പദ്ധതിയിൽ 42 ഗുണഭോക്താക്കൾക്ക് 10000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. അതിൽ താഴെപറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1. അജിത രമേഷ്, ആക്ലിപറമ്പിൽ, വള്ളിവട്ടം

2. മിനി ദാസൻ, അലുക്കത്തറ വീട്, കോണത്തക്കുന്ന്

3. ഐഷ മജീദ്, കോഴികാടി, കരൂപ്പടന്ന

4. സഫൂറ മുഹമ്മദ്, ആലിപ്പറമ്പിൽ, കരൂപ്പടന്ന

5.ശിവദാസൻ സി.ആർ, ചെമ്പകശ്ശേരി, കോണത്തക്കുന്ന്

ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇവർക്ക്

സബ്സിഡി ഇനത്തിൽ നൽകിയ 50000/- (5x10000)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ii) ടി പദ്ധതിയിൽ ഒരു വീട്ടിലെ രണ്ട്പേർ ആനുകൂല്യം കൈപ്പറ്റിയതായി കാണുന്നു. പേരു വിവരം താഴെചേർക്കുന്നു.

1. ഐഷാബി, കൊച്ചിക്കാരൻ,w/oമുഹമ്മദ്,കരുപ്പടന്ന

2. സാദത്ത് , കൊച്ചിക്കാരൻ, s/oമുഹമ്മദ്,കരുപ്പടന്ന

ഹാജരാക്കിയ റേഷൻകാർഡിൽ (നമ്പർ 1843034623) ഇവർ ഒരേ വീട്ടിലെ താമസ്സക്കാരാണ്. വില്ലേജ് ഓഫീസർ നൽകിയ സാക്ഷ്യപത്രത്തിലും ഇവർ ഒരേ വീട്ടിലെ താമസ്സക്കാരായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഒരാളുടെ സബ്സിഡി ആനുകൂല്യം 10000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-16 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പദ്ധതി വിവരം

പദ്ധതി നമ്പർ :138/17-18

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം

ചെലവ് തുക :25000/- (തനത് ഫണ്ട് )

ചെക്ക് നമ്പർ :2068615/25.11.17

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി നിർവഹണോദ്യഗസ്ഥനായ വെറ്ററിനറി സർജൻ 25000/- രൂപ ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-17 മരുന്ന് വാങ്ങൽ - നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഉറപ്പാക്കിയില്ല

പദ്ധതി വിവരം

പദ്ധതി നമ്പർ :139/17-18

മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ

നിർവഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ചെലവ് തുക :1,25,000/-

ബിൽ നമ്പർ :2/17-18/9.02.18

മേൽ തുക ചെലവഴിച്ച് മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ വകുപ്പിൽ നിന്നും നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് കത്ത് നൽകിയതായി കാണുന്നുണ്ടെങ്കിലും സർട്ടിഫിക്കറ്റ് ഫയലിലില്ല. നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ 137/18, പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി

ചെലവ്

വികസനഫണ്ട് 1250000/-, ബിൽ നമ്പർ 5/17-18/20.2.18

ഗുണഭോക്തൃ വിഹിതം 1250000/-

മേൽപദ്ധതിക്കായി 12500 രൂപ വീതം 100 ഗുണഭോക്താക്കൾക്കായി 1250000/- രൂപ എസ്.എൽ.ബി.പി , ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വള്ളിവട്ടം ക്ഷീരസഹകരണസംഘം ഹാജരാക്കിയ നാൾവഴി രജിസ്റ്റർ പ്രകാരം താഴെചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ആനുകൂല്യം കൈപ്പറ്റാത്തതായി കാണുന്നു.

| ഗുണഭോക്താവ് | ആനുകൂല്യം കൈപ്പറ്റാത്ത കാലയളവ് |
|---|---|
| രാജൻ , ചങ്ങനാത്ത് | 4/18 മുതൽ |
| കാർത്തികേയൻ , തറയിൽ | 9/18 മുതൽ |
| അജിത ദിവാകരൻ | 9/18 മുതൽ |
| വി.കെ സുധാകരൻ | 9/18 മുതൽ |

പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്ന് ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, ആനുകൂല്യം കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ തുക എസ്.എൽ.ബി.പി യിൽ നിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതുമാണ്.

## 3-19 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പദ്ധതി നമ്പർ 153/17-18, ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം.
നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ചെലവ് വിവരം:

| ഫണ്ടിനം | തുക | ബിൽ നമ്പർ/ചെക്ക് നമ്പർ |
|---|---|---|
| വികസനഫണ്ട് | 220000/- | 10/17-18/23.03.18 |
| ബ്ലോക്ക്പഞ്ചായത്ത് | 300000/- | 1923000/14.3.18 |

| | | |
|---|---|---|
| വിഹിതം | | |
| ജില്ലാപഞ്ചായത്ത് വിഹിതം | 120000/- | 6717847/29.3.18 |

1.കെൽട്രോണിൽ നിന്ന് ഒരു മുച്ചക്രവാഹനം 74500/- രൂപ നിരക്കിൽ വാങ്ങി ഭിന്നശേഷിക്കാർക്ക് വിതരണം നടത്തുക എന്നതായിരുന്ന പദ്ധതിയുടെ ഉദ്ദേശ്യം. എന്നാൽ നാളിതുവരെ വാഹനം ലഭ്യമായിട്ടില്ല. കെൽട്രോണുമായുള്ള കരാർ ഉടമ്പടി, വാഹനം ലഭ്യമാക്കാത്തതിന് തുടർനടപടികൾ സ്വീകരിച്ചതായുള്ള രേഖകൾ, എന്നിവ ഫയലിലില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 14/20.2.19) മോട്ടോർ വാഹന രജിസ്ട്രേഷൻ നിയമമനുസരിച്ച് പുതിയതായി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ 5 വർഷത്തെ ഇൻഷ്വറൻസ് തുക ഒരുമിച്ച് അടക്കേണ്ടതുണ്ടെന്നും ആയതിനാൽ വാഹന വിതരണക്കാർ കെൽട്രോണുമായി ക്ലാരിഫിക്കേഷന് കാത്തുനിൽക്കുന്നതാണ് കാലതാമസത്തിന് കാരണമെന്നും മറുപടി നൽകുകയുണ്ടായി.

2.സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതി ചെലവ് 640000/- രൂപയാണ്. എന്നാൽ പദ്ധതി ഫയൽ പ്രകാരം ചെലവ് തുക 596000/- രൂപയാണ്. മേൽ പദ്ധതി പ്രകാരം 74500/- രൂപ നിരക്കിൽ 8 മുച്ചക്രം വാങ്ങുന്നതിന് 596000/- രൂപ കെൽട്രോണിന് നൽകുന്നതിന് പകരം 640000/- നൽകിയിരുന്നു. അധികമായി നൽകിയ 44000/- രൂപ കെൽട്രോൺ 8.8.18 ന് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി യ്ക്ക് തിരിച്ച് നൽകിയിരുന്നു. ടി തുക ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ച് നൽകുകയോ സർക്കാർ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടവാക്കുകയോ ചെയ്തിരുന്നില്ല. ഓഡിറ്റ് അന്വേഷണം 14/20.2.19 നെ തുടർന്ന് തുക 22.02.19 ന് സെക്രട്ടറിയുടെ പേരിൽ കൈമാറിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

3.ടി പദ്ധതിയിലെ ഗുണഭോക്താക്കൾ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ താഴെപറയുന്നവരുടെ സാക്ഷ്യപത്രം ഫയലിലില്ല.

1. നാസർ, കണ്ണാങ്കുളം, കരുപ്പടന്ന

2. മുകേഷ് എ.എൻ, ആക്ലിപറമ്പിൽ, കോണത്തുകുന്ന്

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 44000/- രൂപ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

2. മേൽ ഗുണഭോക്താക്കൾ വാഹനം ഓടിക്കാൻ പ്രാപ്തരാണെന്ന് ഉറപ്പാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

3.കെൽട്രോണുമായി കരാർ ഉടമ്പടി ചമച്ചിരുന്നെങ്കിൽ ഗ്രാമപഞ്ചായത്തിന് നിയമാനുസൃത നടപടി സ്വീകരിക്കാമായിരുന്നു. ജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും. സർക്കാർ പണം പാഴ്ചെലവാകാതെ പദ്ധതി നിർവ്വഹണം നടത്തുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധചെലുത്തേണ്ടതാണ്. കെൽട്രോണിൽ നിന്ന് വാഹനം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 596000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - വിതരണ വിവരം ഇല്ല

പ്രൊജക്ട് നമ്പർ 79/18

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ചെലവ് വിവരം

| ഫണ്ടിനം | തുക | ബിൽ നമ്പർ/ചെക്ക് നമ്പർ |
|---|---|---|
| വികസനഫണ്ട് | 100000/- | 11/17-18/28.03.18 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 315714/- | 6717844/28.3.18 |
| ആകെ | 415714/- | |

ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയക്യാമ്പ് സംഘടിപ്പിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ഗുണഭോക്താക്കളുടെ ആവശ്യകത നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് കേരള വികലാംഗ ക്ഷേമകോർപ്പറേഷനിൽ നിന്ന് 403114/- രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം ഉപകരണങ്ങൾ ഭാഗികമായി വിതരണം ചെയ്തതായി കാണുന്നുള്ളൂ. വിതരണവിവരം താഴെ ചേർക്കുന്നു.

| ഇനം | വാങ്ങിയ എണ്ണം | വിതരണം നടത്തിയത് (രേഖകൾ/രജിസ്റ്റർ പ്രകാരം) | വിതരണം നടത്താത്തവ |
|---|---|---|---|
| Accomodative Foot wear | 1 | - | 1 |
| AFO | 2 | - | 2 |
| Prosthesis for Disarticulation | 2 | - | 2 |
| Auxillary Crutches | 2 | - | 2 |
| Folding Commode chair | 4 | 3 | 1 |
| CP chair | 3 | 2 | 1 |
| Elbow Crutches Delux | 6 | 2 | 4 |
| Knee cap | 2 | 2 | 0 |
| MR kit | 2 | - | 2 |
| Folding Walker | 4 | 4 | 0 |
| Moulded Shoes | 5 | - | 5 |
| Therapy mat | 1 | 1 | 0 |
| Folding wheel chair | 4 | 3 | 1 |
| BTE | 22 | 5 | 17 |

വിതരണം ചെയ്യാത്തവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ വിതരണം നടത്തി വിതരണവിവരം യഥാസമയം ഓഡിറ്റിന് ഹാജരാക്കാത്ത പക്ഷം ടി ഉപകരണങ്ങളുടെ വില കണക്കാക്കി നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് ശിപാർശ ചെയ്യുന്നതാണ്.

## 3-21 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് നമ്പർ : 24/18

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ചെലവ് വിവരം

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് | 613055/- |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 150000/- |
| ആകെ | 763055/- |

മേൽ പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി 94150/- രൂപ കെ.എം.സി.എൽ ന് നൽകിയിരുന്നു ( ബിൽ നമ്പർ 6/17-18/20.2.18). ആയതിൽ 43768/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു

പദ്ധതി വിവരം

പദ്ധതി നമ്പർ :47/17-18
നിർവഹണ ഉദ്യോഗസ്ഥൻ – പ്രധാനാദ്ധ്യാപിക

സ്കൂൾ ലൈബ്രറി

ചെലവ് തുക :100000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ :6/17-18/29.01.18

മേൽ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ 5 സർക്കാർ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇത്തരം പദ്ധതികളുടെ നിർവ്വഹണത്തിന് വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല ( സർക്കാർ ഉത്തരവ് (എം.എസ്)72/17/തസ്വഭവ /തി.29.03.17, ഖണ്ഡിക 13.8). മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവിന് വിശദീകരണം നൽകേണ്ടതാണ്.

## 3-23 എച്ച്.എം നടപ്പാക്കിയ ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിലെ അപാകങ്ങൾ

1.പദ്ധതി വിവരം

പദ്ധതി നമ്പർ :11/17-18

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

ചെലവ് തുക :245000/- (വികസനഫണ്ട് (എസ്.സി.പി))

ബിൽ നമ്പർ :10/17-18/17.03.18

മേൽ ബിൽ തുക ചെലവഴിച്ച് 3920 രൂപ നിരക്കിൽ ആൺകുട്ടികൾക്ക് 33 സൈക്കിളും 4130 രൂപ നിരക്കിൽ പെൺകുട്ടികൾക്ക് 28 സൈക്കിളും വാങ്ങിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ബാക്കിയുണ്ടായിരുന്ന 3 സൈക്കിളുൾപ്പെടെ 64 സൈക്കിളുകൾ 2017-18 ൽ വിതരണം നടത്തിയിരിക്കുന്നു. മുൻവർഷങ്ങളിൽ ബാക്കിയുണ്ടായിരുന്ന സൈക്കിളുകൾ ടി വർഷം വിതരണം നടത്താൻ എടുത്ത ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ താമസക്കാരനാണെന്ന് ഉറപ്പുവരുത്താതെ മിഥുൻ കൃഷ്ണ കപ്പിടിപ്പറമ്പിൽ, ടി.കെ.എസ്.പുരം, കൊടുങ്ങല്ലൂർ എന്ന വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയിരിക്കുന്നു. ആനുകൂല്യത്തിന് അർഹനാണെന്ന് ഉറപ്പാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 3920/- രൂപ തടസ്സപ്പെടുത്തുന്നു.

2. പദ്ധതി വിവരം

പദ്ധതി നമ്പർ :151/17-18

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

ചെലവ് തുക :295932/- (വികസനഫണ്ട് (എസ്.സി.പി))

ബിൽ നമ്പർ :9/17-18/17.03.18

പദ്ധതി തുക ചെലവഴിച്ച് 2799/-വിലയുള്ള സ്റ്റീൽ ടേബിൾ, 995/- വിലയുള്ള കസേര എന്നിവ 78 എണ്ണം വീതം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ വിതരണം ചെയ്യാതിരുന്ന 5 മേശയും കസേരയും കൂടി വിതരണം നടത്തിയിരിക്കുന്നു. ആയത് വിതരണം ചെയ്യാൻ എടുത്ത കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-24 വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതി - ആവർത്തനമല്ലെന്ന് ഉറപ്പാക്കിയില്ല

പദ്ധതി വിവരം

പദ്ധതി നമ്പർ :149/17-18
നിർവഹണ ഉദ്യോഗസ്ഥ – പ്രധാനാദ്ധ്യാപിക

ഇംഗ്ലീഷ് നൈപുണ്യവികസനം

ചെലവ് തുക :100000/- (തനത് ഫണ്ട്)

ചെക്ക് നമ്പർ :009817/29.03.18

ഗ്രാമപഞ്ചായത്തിലെ 6,7 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി 5 സർക്കാർ വിദ്യാലയങ്ങളിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നടത്തുകയാണുണ്ടായിട്ടുള്ളത്. ഇതിനായി പരിശീലകനെ തെരഞ്ഞെടുക്കുകയും ആഴ്ചയിൽ 4 ക്ലാസ് വീതം 5 മാസം ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പഠന നിലവാരം ഉയർത്തുക എന്നിവ എസ്.എസ്.എ യുടെ ഭാഗമായി വരുന്ന പ്രവർത്തനങ്ങളാണ്. ഇത്തരം പരിപാടികൾ എസ്.എസ്.എ, ആർ.എം.എസ്.എ പരിപാടികളുടെ ആവർത്തനമല്ലെന്ന് ഉറപ്പാക്കിയതിനു ശേഷമേ പഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുക്കാൻ പാടുള്ളൂ. ആയത് ഉറപ്പാക്കാതെ നടപ്പാക്കിയ പദ്ധതി ചെലവിന് വിശദീകരണം നൽകേണ്ടതാണ്.

## 3-25 സർക്കാർ മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് - തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി വിവരം

പദ്ധതി നമ്പർ :8/17-18

നിർവഹണ ഉദ്യോഗസ്ഥ – പ്രധാനാദ്ധ്യാപിക

കലാകേന്ദ്രം പ്രവർത്തനം

ചെലവ് തുക :54173 +30000 (വികസനഫണ്ട്)

ബിൽ നമ്പർ : 7/17-18/9.2.18 – 54173/-, 11/17-18/28.3.18 – 30000/-

: 45000/- (തനത് ഫണ്ട്)

ചെക്ക് നമ്പർ : 9181/24.11.17 – 20000/-, 9716/8.2.18 – 25000/-

ആകെ : 129173/-

കലാപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികൾക്കായി ബാലകലോത്സവം, പ്രതിഭാകേന്ദ്രം, 'നമുക്കും തിരക്കഥയെഴുതാം' ശില്പശാല എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ളത്. ബാലകലോത്സവത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ കലാമൽസരങ്ങൾ സംഘടിപ്പിക്കുകയും സംഘാടനത്തിനും സമ്മാനവിതരണത്തിനുമായി 74173/- ചെലവഴിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലെ 4,5,6,7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി ഓരോ വിദ്യാലയത്തിന്റേയും നേതൃത്വത്തിൽ ക്ലാസുകൾ (ആർട്ട് & ക്രാഫ്റ്റ്) നടത്തുകയാണ് പ്രതിഭാകേന്ദ്രം പദ്ധതിയിൽ ചെയ്തിട്ടുള്ളത്. പഠന ക്ലാസ് , പഠനസാമഗ്രികൾ ഉൾപ്പെടെ പ്രതിഭാകേന്ദ്രം നടത്തിപ്പിന്റെ തുക പഞ്ചായത്തിലെ ഓരോ വിദ്യാലയത്തിനും നിർവ്വഹണഉദ്യോഗസ്ഥൻ അനുവദിച്ച് നൽകുകയും ചെയ്തിരിക്കുന്നു. ഇതിനായി 30000/- ചെലവഴിച്ചിട്ടുണ്ട്.

'നമുക്കും തിരക്കഥയെഴുതാം' എന്നപദ്ധതിയിൽ ശില്പശാല ക്ലാസിനും അനുബന്ധചെലവുകൾക്കുമായി 25000/- ചെലവഴിച്ചിരിക്കുന്നു.

വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ജനകീയ സമിതികളുടേയും സന്നദ്ധ സംഘടനകളുടേയും മറ്റും നേതൃത്വത്തിൽ പ്രാദേശികമായ വിഭവങ്ങൾ സമാഹരിച്ച് വേണം ഇത്തരം പ്രവർത്തനങ്ങൾ നടത്തേണ്ടതെന്ന് സർക്കാർ ഉത്തരവ് (എം.എസ്)72/17/തസ്വഭവ /തി.29.03.17 , ഖണ്ഡിക 12.16 നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ചെലവ് തുക 129173/- തടസ്സപ്പെടുത്തുന്നു. സർക്കാർ അനുമതിയില്ലാത്ത ഇത്തരം പദ്ധതി ചെലവുകൾ മുൻവർഷങ്ങളിലും ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളതാണ് സർക്കാർ നിർദ്ദേശപ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-26** സാക്ഷരത പ്രവർത്തനങ്ങൾ-രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

നിർവ്വഹണം-സെക്രട്ടറി

പ്രൊജക്ട്-22/18

അടങ്കൽ-100000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-49035/-

തനത് ഫണ്ട്- 50965/-

ട്രഷറി ബിൽ നം- 10/19.9.17 തുക-21000/-

11/19.9.17 തുക-28035/-

തനത് ഫണ്ട്- 34570/- (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം )

മേൽ പ്രൊജക്റ്റിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് യഥാക്രമം 49035/-,34570/- രൂപയാണ്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 82390/- രൂപയാണ്. ആയതിന്റെ കാരണം വിശദമാക്കിയിട്ടില്ല.

2.ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

3.സാക്ഷരത കേന്ദ്രത്തിനു വേണ്ടി അലമാരകൾ – 2, സീൽ – 2, ലെറ്റർ ഹെഡ് -2, സ്ലെയിറ്റ് – 30 എണ്ണം എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയവ സ്റ്റോക്കിലെടുത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4.ജില്ലാ സാക്ഷരതാ മിഷന്റെ 33250/- രൂപയുടെ കൈപ്പറ്റ് രസീതി ഫയലിലുണ്ടെങ്കിലും അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

5.1 പ്ലസ് 2 പഠിതാക്കൾക്ക് 2250/- രൂപ കേരള സ്റ്റേറ്റ് ലിറ്ററസി മിഷന്റെ അക്കൗണ്ട് നമ്പർ 02880100113107 ലേക്കും 7 പത്താംതരം പഠിതാക്കൾക്ക് 1750/- രൂപ വീതം 12250/- രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ട് നമ്പർ 57026996123 ലേക്കും അടവാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയ 33250/- രൂപയിൽ ഉൾപ്പെട്ട പഠിതാക്കൾക്കും തുക അടവാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പരീക്ഷാ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

6. തുടർ സാക്ഷരതാ പ്രവർത്തനം പ്രൊജക്റ്റ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചാണ് നടപ്പാക്കിയിരിക്കുന്നത്. ഇത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്. ആയതു വരെ ചെലവുതുക 83605/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-27** <u>ഗ്രാമപഞ്ചായത്തിന് പ്ളാസ്റ്റിക് ഷ്രെഡ്ഡിങ്ങ് മെഷീൻ വാങ്ങൽ.- അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു മുമ്പേ മെഷീനറി വാങ്ങി</u>

നിർവ്വഹണം-സെക്രട്ടറി
പ്രോജക്റ്റ് നമ്പർ--156/18,

അടങ്കൽ-982943/-

ചെലവ്- 505510/-
(tressury bill 25/18dtd9.2.18)

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷിനറി വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി ക്ലീൻകേരള കമ്പനിക്കു മേൽ പ്രകാരം 505510/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ മെഷിനറി ലഭ്യമാക്കിയതിന്റേയും സ്ഥാപിച്ചതിന്റേയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മെഷിനറി സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതേയാണ് മെഷിനറിക്കു തുക കൈമാറിയത്. നാളിതു വരേയും മെഷിനറി സ്ഥാപിച്ചിട്ടില്ല. തുടർപ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിൽ സ്പിൽഓവർ പ്രോജക്റ്റ് വച്ചിട്ടുണ്ട്. മെഷിനറി ലഭ്യമാക്കിയതിന്റേയും സ്ഥാപിച്ചതിന്റേയും വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക 505510 /-തടസ്സപ്പെടുത്തുന്നു.

## **3-28** <u>ജലനിധി പദ്ധതി</u>

(2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-17)

(i)ജലനിധി പദ്ധതിക്കായി പഞ്ചായത്ത് 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിൽ അധികം അനുവദിച്ചിരുന്ന 3,33,418/-രൂപ റോഡ് റീസ്റ്റോറേഷൻ ഫണ്ടിനത്തിലെ ജലനിധി GOK വിഹിതം 2142128/-രൂപയിൽ നിന്നും കിഴിവാക്കി പ്രസിഡന്റ് /സെക്രട്ടറി ജലനിധി വെള്ളാങ്ങല്ലൂരിന്റെ അക്കൗണ്ടിൽ വരവു വച്ചിരുന്നതായും റോഡ് പുനരുദ്ധാരണപ്രവൃത്തി പൂർത്തീകരിച്ചതിനാൽ ബില്ല് അനുവദിക്കുന്നതിന് ടി തുക തനതുഫണ്ടിലേക്ക് വകയിരുത്തിയതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം എ2-701/18 /25.1.2018 ൽ കാണുന്നു.( വൗച്ചർ 31700361/8.2.18 പ്രകാരം ).
ജലനിധി പദ്ധതിക്കായി പഞ്ചായത്തിൽ നിന്നും അധികം അനുവദിക്കപ്പെട്ട 3,33,418/- രൂപ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലെന്നാണ് വ്യക്തമാകുന്നത്. ആയത് RPMU മലപ്പുറം-ൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ii)വൗച്ചർ നം. 56/10.11.17(ചെക്ക് നം 155567/10.11.17)പ്രകാരം 11,92,913/-രൂപ ജലനിധി നോർത്ത് സോൺ കോൺട്രാക്ടർ ശ്രീ. സത്യദേവന് റിട്ടേൻഷൻ തുക അനുവദിക്കുന്നതിനായി പിൻവലിച്ചുകാണുന്നു. ജലനിധി RPMU മലപ്പുറത്തിന്റെ RPMU/MPM/MULTI/128/2013/31.10.17 കത്തുപ്രകാരം പ്രവൃത്തി പൂർത്തികരിച്ചിട്ടുള്ളതായി പറയുന്നില്ല. തുക കരാറുകാരന് കൈമാറിയതിന്റെ വിവരങ്ങളും ഇല്ല.

ഇക്കാര്യത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

(iii)പഞ്ചായത്ത്, തെരുവു ടാപ്പുകളുടെ വെള്ളക്കരം 1,77,625/-രൂപ വീതം 10/2017 മാസം വരെ വാട്ടർഅതോറിറ്റിയിൽ അടവാക്കിയിട്ടുള്ളതാണ്. (വൗച്ചർ നം 21700870/26.10.17)

തുടർന്ന് പഞ്ചായത്തിലെ കുടിവെള്ളവിതരണം ജലനിധി ഏറ്റെടുത്തു. വാട്ടർ അതോറിറ്റിയുടെ Rs.6/കിലിറ്റർ നിരക്കി ന് ഗ്രാമപഞ്ചായത്തിനാണ് വെള്ളം നൽകുന്നത്. ഗുണഭോക്താക്കളിൽ നിന്നും ജലനിധിഗുണഭോക്തൃ സമിതിയായ എസ്.എൽ.ഇ.സി പിരിച്ചെടുത്ത തുകയിൽ നിന്നും പഞ്ചായത്തിൽ അടവാക്കിയ 20 ലക്ഷം രൂപ 'ബൾക്ക് വാട്ടർ ചാർജ് ' എന്ന പേരിൽ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ 20/3/2018 ന് അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകിയ ബില്ലിൽ 8/17 മുതൽ 1/18 വരെ 36,11,932/-രൂപ കുടിശ്ശികയും 72239/- രൂപ ഫൈനും ആവശ്യപ്പെട്ടിരിക്കുന്നു. പഞ്ചായത്തിൽ നിലവിൽ ഉണ്ടായിരുന്ന 406 പൊതുടാപ്പുകളുടെ വാട്ടർ ചാർജ് 10/2017 വരെ അടവാക്കിയിട്ടുള്ളതാണ്. ആയതിനാൽ കുടിശ്ശിക തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

എസ്.എൽ.ഇ.സി ,ഗുണഭോക്താക്കളിൽ നിന്നും പരിച്ചെടുക്കുന്ന തുകയിൽ നിന്നുമാണ് വാട്ടർ ചാർജ് അടവാക്കുന്നതെങ്കിലും വാട്ടർ അതോറിറ്റി ബിൽ അയക്കുന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആയതിനാൽ കുടിശ്ശിക വന്നാൽ അത് പഞ്ചായത്തിന് ബാദ്ധ്യത ആയി തീരുന്നതാണ്. ആയതിനാൽ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യം മുൻ നിറുത്തി കുടിശ്ശിക തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കി, നിലവിൽ കുടിശ്ശികക്ക് കാരണമായി തീർന്ന വിഷയങ്ങൾ അടിയന്തിരമായി SLEC-യുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും കുടിശ്ശിക എത്രയും പെട്ടെന്ന് അടച്ച് തീർക്കുവാൻ SLEC ക്ക് പഞ്ചായത്ത് നിർദ്ദേശം നൽകേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000/- | 5/18 തെരുവ് വിളക്ക് വ്യാപനം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | | 353000/- | 140/18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 353000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | 30/18 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 OB-564770 | 46/18 സമഗ്ര നെൽകൃഷി വികസനം | 200000 +564770 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 120000 | 153/18 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം | 120000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | 29/18 അങ്കണവാടി പൂരക പോഷകാഹാര പരിപാടി | 0 | 150000 |
| നീക്കിയിരിപ്പ്- | | | | | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 297000 | 140/18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 297000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | 46/18 സമഗ്ര നെൽകൃഷി വികസനം | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | 24/18 പാലിയേറ്റീവ് കെയർ | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | 103/18 ജൈവ പച്ചക്കറി കൃഷി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 700000 | 79/18 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ | 315714 | 384256 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | 157/18 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം നൽകൽ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | 29/18 അങ്കണവാടി പൂരക | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പോഷകാഹാര പരിപാടി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | 30/18 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | OB-717500 | ബക്കറ്റ് കംപോസ്റ്റ് | 97908 | 619592 |
| നീക്കിയിരിപ്പ്- | | | | | 1003878 * |

ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് വിഹിതം നീക്കിയിരിപ്പിൽ 3,00,000/-രൂപ കുറവുണ്ട്. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)ക്ക് 153/18-ാം നമ്പർ പ്രൊജക്റ്റ് ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം എന്ന പദ്ധതിക്കായി 3,00,000/-രൂപ തെറ്റായി അനുവദിക്കപ്പെട്ടിരുന്നു. ആയത് രശീതി നം 118040500011 4.9.2018 പ്രകാരം പഞ്ചായത്തിൽ തിരിച്ചടച്ചത് TSB ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചു.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർനം./ ചെക്ക്നം | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | | | | | OB=959228 |
| കെ.എസ്.ഇ.ബി, വെള്ളാങ്ങല്ലൂർ | തെരുവ് വിളക്ക് വ്യാപനം പ്രൊജക്റ്റ് നം5/18 | 21701653/ 20.1.18 | 1150150 | | 1800869 |
| | | 21701200/ 25.1.18 | 150719 | | |
| | | 41700254/ 3.2.18 | 500000 | | |
| | | | | | ആകെ=2760097 |
| അനർട്ട് | 150/2017 സോളാർ പവർ പ്ലാന്റ് സ്ഥാപനം | 21701020 | 2000 | 0 | 2000 |

ബാലൻസ് ഷീറ്റ് പ്രകാരം കെ.എസ്.ഇ.ബി യിൽ അഡ്വാൻസ് ആയി നിൽക്കുന്ന തുക മുൻബാക്കി 959228 രൂപ ഉൾപ്പെടെ 2760097/- രൂപയാണ്. മുൻബാക്കി 959228 രൂപ ഏതു പ്രവൃത്തിയുടേതെന്നതു സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നം/തിയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ചതുക | വർഷാ വസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | നം.ഉ.സ.53564/ ഡി.ബി.ഐ/08 ത.സ്വ.ഭ.വ തീയതി 25.08.2011 | 9575000/- | 601950/- | 601950/- | 0 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 സാമ്പത്തിക വർഷം വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ വരവ് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതിനം/ തിയതി |
|---|---|---|---|---|
| 2015-16 | പാര 2.4 | 2000/- | ജോസ്.കെ.എൽ, കുളിയാടൻ ഹൌസ് | 117040100823dated 10.05.2017 |
| 2016-17 | പാര 2.2 | 1700/- | ട്രിനിറ്റി ഗ്യാസ് ഏജൻസി | 117040106545dated30/01/2018 |
| 2016-17 | പാര 2.1 | 6300/- | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വെള്ളാങ്ങല്ലൂർ | 117040102901dated22/08/2017 |
| 2016-17 | പാര 2.1 | 6900/- | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വെള്ളാങ്ങല്ലൂർ | 117040103072dated26/08/2017 |
| 2016-17 | പാര 3.5 | 13079/- | ഐ.സി.ഡി.എസ് ഓഫീസർ, വെള്ളാങ്ങല്ലൂർ | 117040106555dated30/01/2018 |
| 2016-17 | പാര 3.6 | 32886/- | ഐ.സി.ഡി.എസ് ഓഫീസർ, വെള്ളാങ്ങല്ലൂർ | 117040105834dated06/01/2018 |
| 2015-16 | പാര2.5 | 7620/- | പ്രിൻസിപ്പാൾ, ഉമരിയ പബ്ലിക്ക് സ്കൂൾ | 117040102748dated16/08/2017 |
| 2015-16 | പാര 3.2.3 | 982/- | ജയൻ | 117040101102dated01/06/2017 |

| | | | | |
|---|---|---|---|---|
| 2015-16 | പാര 3.2.3 | 925/- | അഷറഫ് | 117040103236dated11/09/2017 |
| 2014-15 | പാര 2.3 | 358/- | ദേവദാസ് | 117040106029dated15/01/2018 |
| 2014-15 | പാര 3.19 | 1959/- | എം.വി.ശിവരാമൻ | 117040105592dated27/12/2017 |
| 2014-15 | പാര 3.19 | 10298/- | ടി.എ.ബഷീർ | 117040106775dated03/02/2018 |
| 2014-15 | പാര 3.19 | 3395/- | ടി.ബി.ഷജീർ | 117040106776dated03/02/2018 |
| 2014-15 | പാര 3.19 | 17603/- | എ.ഐ.വിശ്വനാഥൻ | 117040106777dated03/02/2018 |
| 2014-15 | പാര 3.19 | 2493/- | വി.കെ.രാധാകൃഷ്ണൻ | 117040106778dated03/02/2018 |
| 2014-15 | പാര 3.19 | 2338/- | അബ്ദുൾ മജീദ് | 117040106779dated03/02/2018 |
| 2014-15 | പാര 3.19 | 11367/- | സി.എ.രാജേഷ് | 117040106784dated05/02/2018 |

മേൽ പറയുന്ന വരവുകൾ വ്യത്യസ്ത ഹെഡുകളിലാണ് വരവു വച്ചിട്ടുള്ളത്, ആയതിനാൽ വാർഷികകണക്കിൽ ഈ തുക "ഓഡിറ്റ് റിക്കവറി"എന്ന ഇനമായി കാണപ്പെടുന്നില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരം താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | അനുബന്ധം 4-2.2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന കമല ഹാൾ, പി.സി.കെ ഓഡിറ്റോറിയം എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല. 1996ലെ കേരള പഞ്ചായത്ത് രാജ് ( തൊഴിൽ നികുതി) ചട്ടം | കമലഹാൾ വെള്ളാങ്ങല്ലൂർ എന്ന സ്ഥാപനത്തിൻറെ 2014-15 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി 2500/- രൂപ 08/11/2016ലെ 11604104044 നമ്പർ രശീത് പ്രകാരവും പി.സി.കെ ഓഡിറ്റോറിയം വെള്ളാങ്ങല്ലൂർ എന്ന സ്ഥാപനത്തിന്റെ 2014-15 സാമ്പത്തിക |

| | | | | | |
|---|---|---|---|---|---|
| | | | | 4 (4) പ്രകാരം ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. | വർഷത്തെ സ്ഥാപന തൊഴിൽ നികുതി2500/-രൂപ 01/11/2016 ൽ 11604103909 നമ്പർ രശീത് പ്രകാരവും ഈടാക്കിയിട്ടുണ്ട്. |
| 2015-16 | 2.5 | 2016-17 | അനുബന്ധം 5-2.5 | തൊഴിൽ നികുതി ഈടാക്കുന്നതിൽ മാനദണ്ഡങ്ങൾ കാണുന്നില്ല. | ഉമരിയ്യ പബ്ലിക്ക് സ്കൂൾ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ് വന്ന തുക 7620/- രൂപ 16.08.2017ൽ 117040102748 രശീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. |
| 1999-2000 | 23 | 2003-04 | അനുബന്ധം 3.8 | ചീപ്പ് ചിറ മത്സ്യകാപ്പ് ലേലനഷ്ടം 18476/-രൂപ സംബന്ധിച്ച് | ലേലക്കാരനായ ശ്രീ.രാജീവൻ, ചക്കാലപറമ്പിൽ, വള്ളിവട്ടം.പി.ഒ എന്നവരിൽ നിന്നും ഈടാക്കാനുള്ള തുക 18476/- രൂപയിൽ 9000/- രൂപ 09.06.2002 ലെ 2/12101 നമ്പർ രശീത് പ്രകാരവും 9476/-രൂപ 09.07.2016 ലെ 11604500007-ാം നമ്പർ രശീത് പ്രകാരവും ഈടാക്കിയിട്ടുണ്ട്. |
| 2000-2001 | 24 | 2003-04 | അനുബന്ധം 3.8 | മത്സ്യക്കാപ്പ് ലേലനഷ്ടം 18636/- രൂപ സംബന്ധിച്ച് | അധികമായി തിരിച്ച് നൽകിയ തുക 18636/-രൂപ ഈടാക്കുന്നതിന് 10.08.2015ൽ RR /2015/6517/8 നമ്പറായി ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നടപടികൾക്കായി റിക്വസിഷൻ സമർപ്പിച്ചിട്ടുണ്ട്. അതുപ്രകാരം മുകുന്ദപുരം തഹസിൽദാർ ആരംഭിച്ച റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീ.ഉണ്ണികൃഷ്ണൻ തഹസിൽദാരേയും ഗ്രാമപഞ്ചായത്തിനേയും എതിർകക്ഷികളാക്കി ബഹു.കേരള ഹൈക്കോടതി മുമ്പാകെ WPC 37807/2015 നമ്പറായി ഹർജ്ജി ഫയൽ ചെയ്യുകയും 27/05/2016ൽ റവന്യൂ റിക്കവറി നടപടികൾ ബഹു.ഹൈക്കോടതി ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. |

# 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96368000 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95377427 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 67000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3789040 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 25000 | കെ.സി.പ്രേമലത,അസി.സെക്രട്ടറി |
| 3-8 | 32000 | കെ.കെ.ലളിത,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-15 (സി)(ii) | 10000 | ഡോ. വി.ബി അജിതൻ<br>വെറ്ററിനറി സർജൻ |
| ആകെ | 67000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1891869 | സുധാകരൻ.സി,സെക്രട്ടറി |
| 3-7 | 100000 | കെ.സി.പ്രേമലത,അസി.സെക്രട്ടറി |
| 3-9 | 50000 | കെ.കെ.ലളിത,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-10 | 117500 | അമൽരാജ്,വി.ഇ.ഒ,തെക്കുംകര |
| 3-11 | 194463 | സുധാകരൻ.സി, സെക്രട്ടറി |
| 3-15 (ബി) | 42000 | ഡോ. വി.ബി അജിതൻ<br>വെറ്ററിനറി സർജൻ |
| 3-15 (സി) | 50000 | ഡോ. വി.ബി അജിതൻ<br>വെറ്ററിനറി സർജൻ |
| 3-16 | 25000 | ഡോ. വി.ബി അജിതൻ<br>വെറ്ററിനറി സർജൻ |
| 3-19 | 596000 | ഡോ. അജിത്ത് തോമസ്<br>മെഡിക്കൽ ഓഫീസർ |
| 3-23(1) | 3920 | ഷീല പി.സി<br>എച്ച്.എം |
| 3-25 | 129173 | ഷീല പി.സി<br>എച്ച്.എം |
| 3-26 | 83605 | ഷീല പി.സി<br>എച്ച്.എം |
| 3-27 | 505510 | സുധാകരൻ.സി,സെക്രട്ടറി |
| ആകെ | 3789040 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്,തസ്തിക | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| കെസിപ്രേമലത,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>വെള്ളാങ്ങല്ലൂർ | ചിരട്ടപ്പുരക്കൽ ഹൗസ്,ചളിങ്ങാട്.പി.ഒ<br>കൈപ്പമംഗലം, തൃശ്ശൂർ |
| കെ.കെ ലളിത,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,മതിലകം | പയ്യാക്കപ്പറമ്പിൽ ഹൗസ്,വെസ്റ്റ്<br>കോമ്പാറ,ഇരിങ്ങാലക്കുട,680121 |

| | | |
|---|---|---|
| | | തൃശ്ശൂർ |
| ഡോ.വി.ബി.അജിതൻ വെറ്ററിനറി സർജൻ | വിരമിച്ചു | വൈപ്പിൽ ഹൗസ്,മടത്തിക്കര റോഡ്,പി.ഒ ഇരിങ്ങാലക്കുട തശ്ശൂർ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96, 1996-97, 97-98 | എൽ.എഫ്.ടി.9-1555/98 തീയതി 16.4.99/7.7.99 |
| 98-99 | എൽ.എഫ്.ടി.9- 313/00 തീയതി 24.4.00/17.5.00 |
| 99-00 | എൽ.എഫ്.ടി.9-293/01 തീയതി 27.4.01 |
| 2000-01 | എൽ.എഫ്.ടി.9- 1608/01 തീയതി 24.8.02/14.11.12 |
| 2001-02 | എൽ.എഫ്.ടി.9- 2119/05 തീയതി 4.2.06/14.11.06 |
| 2002-03 | എൽ.എഫ്.ടി.21- 2438/07 തീയതി 2.8.08/16.10.08 |
| 2003-04 | എൽ.എഫ്.ടി.2439/07 തീയതി 2.8.08 |
| 2004-05 | എൽ.എഫ്.ടി.21- 2440/07 തീയതി 2.8.08 |
| 2005-06 | എൽ.എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 |
| 2006-07 | എൽ.എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 |
| 2007-08 2010-11 | എൽ.എഫ്.ടി.(ബി.പി) 2267/12 തീയതി 5.2.13/15.6.13 |
| 2011-12 | എൽ.എഫ്.ടി.(ബി.പി) 1584/2013/ തീയതി.9.14/13.3.14 |
| 2012-13 | എൽ.എഫ്.ടി.(ബി.പി) 1023/2014 തീയതി 10.10.14/24.11.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി.2) 1734/15തീയതി 8.12.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി1/1004/16 തീയതി 22.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി3/2050/16 തീയതി 30.01.2017 |

| | |
|---|---|
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.പി1/1697/17<br><br>തീയതി 27.11.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ